LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കിലോമീറ്ററിന് 18 രൂപ 98 പൈസ ലഭിക്കുകയാണെങ്കിൽ ദൈനംദിന പ്രവർത്തന ചെലവിന് ആവശ്യമായ തുക ലഭിക്കും. (ശമ്പളവും വേതനവും ഉൾപ്പെടെ) എന്നാൽ പെൻഷൻ ആനുകൂല്യങ്ങൾ, എം.എ. സി. റ്റി., സാമൂഹ്യ ബാദ്ധ്യത നിറവേറ്റാൻ മുതലായവയ്ക്ക് വേണ്ടി വരുന്ന ചെലവുകൾ കൂടി കണക്കാക്കുമ്പോൾ കിലോമീറ്ററിന് 30 രൂപ 41 പൈസ ലഭിക്കേണ്ടതായിട്ടുണ്ട്.

(ബി) 2010 മേയ് മാസത്തെ കണക്കനുസരിച്ച് 18 രൂപ 98 പൈസയ്ക്ക് താഴെ ലഭിക്കുന്ന 560 സർവ്വീസുകളും 30 രൂപ 41 പൈസയ്ക്ക് താഴെ ലഭിക്കുന്ന 4427 സർവ്വീസുകളും ഉണ്ട്.

(സി) കെ. എസ്. ആർ. ടി. സി. പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന അവസരത്തിൽത്തന്നെ ആദ്യത്തെ 30 ദിവസം ടി സർവ്വീസിന്റെ കളക്ഷൻ നിരീക്ഷിക്കുകയും ടി സർവ്വീസ് ലാഭകരമല്ലെന്ന് കാണുകയാണെങ്കിൽ ലാഭകരമാകുന്ന രീതിയിൽ പുനഃക്രമീകരിച്ച് നൽകുകയുമാണ് ചെയ്യുന്നത്. നിലവിൽ ഓടിക്കൊണ്ടിരിക്കുന്ന സർവ്വീസുകളും ലാഭകരമല്ലെന്ന് കണ്ടാൽ ലാഭകരമാക്കുന്ന തരത്തിൽ പുനഃക്രമീകരിക്കുന്നുണ്ട്.

ലോ-ഫ്ളോർ ബസ് സർവ്വീസിംഗ്

149 (5369) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്ന ലോ-ഫ്ളോർ ബസ്സുകളുടെ സർവ്വീസിംഗ് സ്വന്തം വർക്ക്ഷോപ്പുകളിലാണോ നടത്തി വരുന്നത് ;

(ബി) പുറത്തുള്ള സർവ്വീസിംഗ് സെന്ററുകളിലാണ് സർവ്വീസ് നടത്തുന്നതെങ്കിൽ അത് എവിടെയൊക്കെ ;

(സി) പ്രസ്തുത സർവ്വീസിംഗ് നടത്തുന്നതിന് ഏതെങ്കിലും സർവ്വീസ് സെന്ററുകളുമായി കരാർ ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ ലോ-ഫ്ളോർ ബസ്സുകൾ സർവ്വീസിംഗ് നടത്തുന്നത് ആരെന്നും കെ.എസ്.ആർ.ടി.സി.-ക്ക് ഈ ഇനത്തിൽ ശരാശരി എന്തു തുക പ്രതിമാസം ചെലവ് വരുന്നുവെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ& ബി) അതെ. എന്നാൽ ആക്സിഡന്റ് റിപ്പയറുകൾ വോൾവോയുടെ അംഗീകൃത സർവ്വീസ് സ്ഥാപനമായ വിസ്താ ഡ്രൈവ് ലൈനിലെ ടെക്നീഷ്യൻമാരെ ഉപയോഗിച്ച് നടത്താറുണ്ട്.

(സി & ഡി) ഉണ്ട്. കെ. എസ്. ആർ. ടി. സി. ജീവനക്കാരെ ഉപയോഗിച്ച് മേൽ ബസ്സുകൾ സർവ്വീസിംഗ് നടത്തുന്നുണ്ട്. പ്രസ്തുത സർവ്വീസിംഗിന് മേൽനോട്ടം വഹിക്കുന്നതിന് വിസ്താ ഡ്രൈവ് ലൈൻ എന്ന സർവ്വീസ് സ്ഥാപനത്തിൽ നിന്നും ഇക്കാര്യത്തിൽ പ്രത്യേക പരിശീലനം ലഭിച്ച രണ്ട് (2) പരിശീലകരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. ഈ ഇനത്തിൽ കെ.എസ്. ആർ. ടി. സി.ക്ക് ഉണ്ടാകുന്ന ചെലവിന്റെ വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

കെ.എസ്.ആർ.ടി.സി.ഡിപ്പോകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുവാൻ നടപടി

150 (5370) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ബസ് സ്റ്റേഷനുകളിലെ യാർഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിനും വെള്ളക്കെട്ടുകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) കോർപ്പറേഷന്റെ കൈവശം എത്ര ഏക്കർ സ്ഥലമുണ്ട് ; ഇതിൽ എത്ര ഏക്കർ സ്ഥലത്തിന് പട്ടയം ലഭിച്ചിട്ടുണ്ട് ;

(ഡി) പട്ടയം ഇല്ലാത്ത സ്ഥലങ്ങൾക്ക് പട്ടയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി കെ. എസ്. ആർ. ടി. സി. ഡിപ്പോകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വിശ്രമ മുറികളും, ടോയ്ലെറ്റുകളും നവീകരിക്കുന്നതിനും അവ ഇല്ലാത്ത സ്ഥലങ്ങളിൽ പുതുതായി നിർമ്മിക്കുന്നതിനും സ്ത്രീ ജീവനക്കാർക്കായി പ്രത്യേക വിശ്രമ മുറികൾ നിർമ്മിക്കുന്നതിനും യാർഡുകൾ നവീകരിക്കുന്നതിനും പുതിയതായി ഗ്യാരേജുകൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) കോർപ്പറേഷന്റെ കൈവശം 408.44 ഏക്കർ സ്ഥലമുണ്ട്. 51.44 ഏക്കർ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടുണ്ട്.

(ഡി) പട്ടയം ലഭിക്കുന്നതിനുള്ള നടപടി പുരോഗതിയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly